(ബി) അവ ഏതെല്ലാമാണെന്നും, അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) മടവൂർ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണ് സംരക്ഷണം) വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കിളിമാനൂർ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1965 [3037] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെൻറ് ഇതുവരെയായി ഏറ്റെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും, അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാം കൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിളിമാനൂർ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണ ജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണം) വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കരവാരം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണം

1966 [3038] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ കരവാരം പഞ്ചായത്തിൽ എത്ര പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണമാണ് ഗവൺമെൻറ് ഇതുവരെയായി ഏറ്റെടുത്തിട്ടുള്ളത്;

(ബി) അവ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ;

(സി) അവയ്ക്കെല്ലാംകൂടി 1985-86-ൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കരവാരം പഞ്ചായത്തിലെ പാടശേഖരങ്ങളുടെ പുറംചിറ സംരക്ഷണജോലികളൊന്നും കൃഷി (മണ്ണു സംരക്ഷണം) വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വായ്പ എഴുതിത്തള്ളുന്നതിന് കൊടുത്ത അപേക്ഷ

1967 [3039] എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറശേഖരമംഗലം വില്ലേജിൽ വാളിയോട് മണ്ണു സംരക്ഷണ പദ്ധതിയുടെ ഭാഗമായി വാളിയോട് ഹരിജൻ കോളനിയിൽ ഹരിജനങ്ങളുടെ തുണ്ടുഭൂമിയിൽ കല്ലടുക്കുന്നതിന് 1981-ൽ കൊടുത്ത വായ്പകൾ തിരിച്ചടയ്ക്കാൻ കഴിവില്ലാത്തതിനാൽ എഴുതിത്തള്ളുന്നതിന് 1984-ൽ സോയിൽ കൺസർവേഷൻ ഡയറക്ടർക്കും ജില്ലാ കളക്ടർക്കും കൊടുത്ത അപേക്ഷയിൻമേൽ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വായ്പത്തുക ഇളവുചെയ്ത് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) അപേക്ഷ കിട്ടിയിട്ടുണ്ട്. പരിശോധിച്ചുവരുന്നു.

അഗളി സെക്ഷൻ സോയിൽ കൺസർവേഷൻ ഓഫീസിൽ പാർട്ട്-ടൈം സ്വീപ്പറുടെ നിയമനം

1968 [3040] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗളി സെക്ഷൻ സോയിൽ കൺസർവേഷൻ ഓഫീസിൽ പാർട്ട്-ടൈം സ്വീപ്പർ പോസ്റ്റിലേക്ക് 1986 ആഗസ്റ്റിൽ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിയമനം സംബന്ധിച്ച നടപടിക്രമം എന്തായിരുന്നുവെന്നു വ്യക്തമാക്കാമോ;

(സി) അട്ടപ്പാടി എംപ്ലോയ്മെൻറ് ബ്യൂറോയിൽനിന്നും തൊഴിലന്വേഷകരുടെ ലിസ്റ്റ് ആവശ്യപ്പെട്ടിരുന്നോ;

(ഡി) ഉണ്ടെങ്കിൽ എത്രപേരുടെ ലിസ്റ്റ് കിട്ടി;

(ഇ) ഇവർക്കെല്ലാം ഇൻറർവ്യൂവിന് ഹാജരാകാൻ അറിയിപ്പു നൽകിയിട്ടുണ്ടോ;

(എഫ്) ഇതിനുള്ള ഇൻറർവ്യൂ എന്നായിരുന്നു;

(ജി) ഈ നിയമനത്തിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly